## എത്യോപ്യയിലെ അഡിസ് അബാബയിലുള്ള അദ്‌വ വിജയ സ്മാരകത്തിൽ പ്രധാനമന്ത്രി ശ്രദ്ധാഞ്ജലി അർപ്പിച്ചു

ഡിസംബർ 17, 2025

അഡിസ് അബാബയിലെ അദ്‌വ വിജയ സ്മാരകത്തിൽ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്ന് പുഷ്പചക്രം സമർപ്പിക്കുകയും ശ്രദ്ധാഞ്ജലി അർപ്പിക്കുകയും ചെയ്തു. 1896 ൽ അദ്‌വ യുദ്ധത്തിൽ തങ്ങളുടെ രാജ്യത്തിന്റെ പരമാധികാരത്തിനായി ജീവത്യാഗം ചെയ്ത ധീരരായ എത്യോപ്യൻ സൈനികർക്ക് സമർപ്പിതമാണ് ഈ സ്മാരകം. അദ്‌വയുടെ വീരന്മാരുടെ ശാശ്വത ചൈതന്യത്തിനും രാജ്യത്തിന്റെ സ്വാതന്ത്ര്യം, അന്തസ്സ്, പ്രതിരോധശേഷി എന്നിവയുടെ അഭിമാനകരമായ പൈതൃകത്തിനുമുള്ള ശ്രദ്ധാഞ്ജലിയാണ് ഈ സ്മാരകം.

2. പ്രധാനമന്ത്രിയുടെ സ്മാരക സന്ദർശനം ഇന്ത്യയും എത്യോപ്യയും തമ്മിലുള്ള സവിശേഷ ചരിത്ര ബന്ധത്തെ എടുത്തുകാണിക്കുന്നു, ഇരുരാജ്യങ്ങളിലെയും ജനങ്ങൾ ഇപ്പോഴും അതിനെ വിലമതിക്കുന്നു.

**അഡിസ് അബാബ**

**ഡിസംബർ 17, 2025**